ഗ്രന്ഥശാലകൾക്ക് ഡിസ്ക്കൗണ്ട്

30 (2905) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോ വർഷവും നാഷണൽ ബുക്ക് സ്റ്റാൾ ഗ്രന്ഥശാല സംഘത്തിന്റെ ലൈബ്രറികൾക്കായി എന്ത് തുകയുടെ പുസ്തകങ്ങൾ നൽകി ;

(ബി) ഈ പുസ്തകങ്ങൾക്ക് എത്ര ശതമാനം ഡിസ്കൗണ്ട് നൽകി ;

(സി) പ്രസ്തുത പുസ്തകങ്ങൾക്ക് സാധാരണ നൽകുന്ന ഡിസ്കൗണ്ട് എത്ര ശതമാനമാണ് ;

(ഡി) ഗ്രന്ഥശാലകൾക്കായി വാങ്ങുമ്പോൾ മറ്റു പ്രസാധകർ എത്ര ശതമാനം കമ്മീഷനാണ് നൽകാറുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1997-98-ൽ 25 ലക്ഷം രൂപയുടെയും 98-99-ൽ 74,68,562 രൂപയുടേയും പുസ്തകങ്ങൾ നാഷണൽ ബുക്ക് സ്റ്റാൾ ഗ്രന്ഥശാലാസംഘത്തിന്റെ ലൈബ്രറികൾക്കായി നൽകിയിട്ടുണ്ട്.

(ബി) 25 ശതമാനം.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഓരോ പ്രസാധകരും ഓരോ നിരക്കിലാണ് കമ്മീഷൻ നൽകുന്നത്. ഇത് പുസ്തകങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ്.

അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് ചികിത്സാസഹായം

31 (2906) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിൽ നിന്നും അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാസഹായം 1999 വർഷത്തിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് ;

(ബി) സാമ്പത്തിക സഹായം അനുവദിക്കപ്പെട്ട ശ്രീ. കെ. പി. ഗോകുൽദാസിന് തുക ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തുക ഗോകുൽദാസിന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly